**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 212** **23-01-2025 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ മംപ്സ് രോഗബാധിതരുടെ എണ്ണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. രമ** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കുട്ടികൾക്ക് നൽകിക്കൊണ്ടിരുന്ന മംപ്സ്, മീസിൽ, റൂബല്ല എന്നീ രോഗങ്ങളുടെ വാക്സിനായ എം.എം.ആർ. വാക്സിനേഷനിൽ നിന്നും മംപ്സ് വാക്സിൻ നിർത്തലാക്കി എം.ആർ. വാക്സിനേഷൻ മാത്രമാണോ ഇപ്പോൾ സർക്കാർ ആശുപത്രികൾ വഴി നൽകി വരുന്നതെന്ന് വ്യക്തമാക്കാമോ; എന്നുമുതലാണ് പ്രസ്തുത വാക്സിനേഷൻ നിർത്തലാക്കിയത് എന്നറിയിക്കുമോ ; | (എ) | കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിന്റെ ദേശീയ രോഗ പ്രതിരോധ വാക്സിനേഷൻ പട്ടിക പ്രകാരമാണ് കുട്ടികൾക്കുള്ള ഇമ്മ്യൂണൈസേഷൻ നടപ്പിലാക്കുന്നത്. പ്രസ്തുത പട്ടിക പ്രകാരമുള്ള എല്ലാ വാക്സിനുകളും കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം സൗജന്യമായാണ് നൽകുന്നത്. ദേശീയ രോഗപ്രതിരോധ വാക്സിനേഷൻ പട്ടികയിൽ 2017 വരെ മീസിൽസ് വാക്സിൻ മാത്രമാണ് ഉൾപ്പെടുത്തിയിരുന്നത്. എന്നാൽ റുബെല്ലാ കേസുകൾ സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്തതിനാൽ സംസ്ഥാന സർക്കാർ ചുരുങ്ങിയ കാലയളവിൽ MMR (മീസിൽസ്, റുബെല്ല, മംപ്സ്) വാക്സിൻ, രണ്ടാം ഡോസ് മീസിൽസ് വാക്സിന് പകരമായി 2017 ന് മുമ്പ് ഏതാനും വർഷങ്ങളിൽ നൽകിയിരുന്നു. 2017 ൽ ദേശീയ രോഗപ്രതിരോധ വാക്സിനേഷൻ പട്ടികയിൽ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം രണ്ടു ഡോസ് MR (മീസിൽസ്, റുബെല്ല) വാക്സിൻ ഉൾപ്പെടുത്തി. അതിനെ തുടർന്ന് സംസ്ഥാനത്തും ദേശീയ രോഗപ്രതിരോധ വാക്സിനേഷൻ പട്ടിക പ്രകാരമുള്ള വാക്സിനുകളാണ് നൽകി വരുന്നത്.<br><br>കഴിഞ്ഞ ഏതാനും മാസങ്ങളായി സംസ്ഥാനത്ത് മംപ്സ് കേസുകൾ കൂടുതലായി റിപ്പോർട്ട് ചെയ്തതിനാൽ MMR (മീസിൽസ്, റുബെല്ല, മംപ്സ്) വാക്സിൻ, ദേശീയ രോഗപ്രതിരോധ വാക്സിനേഷൻ പട്ടികയിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് സംസ്ഥാന സർക്കാർ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിനു കത്ത് നൽകിയിരിക്കുകയാണ്. |
| (ബി) | കഴിഞ്ഞവർഷം സംസ്ഥാനത്തെ മംപ്സ് രോഗം ബാധിച്ചവരുടെ എണ്ണം എഴുപതിനായിരം വരെ ഉയരുകയുണ്ടായോ; വാക്സിനേഷൻ നിർത്തലാക്കിയത് മുതൽ നാളിതുവരെ ഒരോ | (ബി) | Daily Reporting (IDSP) സംവിധാനം മുഖേന റിപ്പോർട്ട് ചെയ്തിട്ടുള്ള Mumpsരോഗികളുടെ എണ്ണം വർഷം തിരിച്ച് ചുവടെ ചേർക്കുന്നു.<br><br>2020 - 1951 രോഗികൾ |

| | | | |
|---|---|---|---|
| | വർഷവും രോഗബാധിതരായവരുടെ എണ്ണം എത്ര വീതമാണെന്ന് വിശദമാക്കാമോ; | | 2021 - 132 രോഗികൾ<br><br>2022 - 292 രോഗികൾ<br><br>2023 - 2386 രോഗികൾ<br><br>2024 - 74907 രോഗികൾ |
| (സി) | യഥാസമയം ചികിത്സ ലഭിച്ചില്ലെങ്കിൽ കേൾവി തകരാർ, വന്ധ്യത എന്നിവയ്ക്ക് കാരണമാകുകയും തലച്ചോറിനെ വരെ ബാധിക്കുകയും ചെയ്യുന്ന മംപ്സ് രോഗ ബാധയുടെ വാക്സിനേഷൻ നിർത്താൻ ഇടയായ സാഹചര്യങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; | (സി) | കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിന്റെ ദേശീയ രോഗ പ്രതിരോധ വാക്സിനേഷൻ പട്ടിക പ്രകാരമുള്ളതും കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം സൗജന്യമായി ലഭ്യമാക്കുന്നതുമായ മരുന്നുപയോഗിച്ചാണ് കുട്ടികൾക്കുള്ള ഇമ്മ്യൂണൈസേഷൻ നടപ്പിലാക്കുന്നത്. ദേശീയ രോഗപ്രതിരോധ വാക്സിനേഷൻ പട്ടികയിൽ 2017 വരെ മീസിൽസ് വാക്സിൻ മാത്രമാണ് ഉൾപ്പെടുത്തിയിരുന്നതെങ്കിലും റുബെല്ലാ കേസുകൾ സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്തതിനാൽ സംസ്ഥാന സർക്കാർ ചുരുങ്ങിയ കാലയളവിലേയ്ക്ക് MMR (മീസിൽസ്, റുബെല്ല, മംപ്സ്) വാക്സിൻ, രണ്ടാം ഡോസ് മീസിൽസ് വാക്സിന് പകരമായി 2017 ന് മുൻപ് ഏതാനും വർഷങ്ങളിൽ നൽകിയിരുന്നു. 2017 ൽ ദേശീയ രോഗപ്രതിരോധ വാക്സിനേഷൻ പട്ടികയിൽ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം രണ്ടു ഡോസ് MR (മീസിൽസ്, റുബെല്ല) വാക്സിൻ ഉൾപ്പെടുത്തിയതിനെ തുടർന്നാണ് സംസ്ഥാനത്തും ദേശീയ രോഗപ്രതിരോധ വാക്സിനേഷൻ പട്ടിക പ്രകാരമുള്ള രണ്ടു ഡോസ് MRവാക്സിനുകൾ നൽകി വന്നിരുന്നത്. എന്നാൽ കഴിഞ്ഞ ഏതാനും മാസങ്ങളായി സംസ്ഥാനത്ത് മംപ്സ് കേസുകൾ കൂടുതൽ റിപ്പോർട്ട് ചെയ്തതിനാൽ 'MMR (മീസിൽസ്, റുബെല്ല, മംമ്പ്സ്) വാക്സിൻ, ദേശീയ രോഗപ്രതിരോധ വാക്സിനേഷൻ പട്ടികയിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് സംസ്ഥാന സർക്കാർ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിനു കത്ത് നൽകിയിട്ടുണ്ട്. |
| (ഡി) | സംസ്ഥാനത്ത് മംപ്സ് രോഗബാധ വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ വായുവിലൂടെയും ശരീരസ്രവങ്ങളിലൂടെയും പടരാൻ ഇടയുള്ള ഈ രോഗ ബാധ തടയുന്നതിന് എന്തൊക്കെ നടപടികളാണ് ഇതിനോടകം സ്വീകരിച്ചിട്ടുള്ളതെന്ന വിശദാംശങ്ങൾ അറിയിക്കുമോ? | (ഡി) | വായുവിലൂടെ പടരുന്ന അസുഖമായതിനാൽ സാമൂഹിക അകലം പാലിക്കുക, മാസ്ക് ഉപയോഗിക്കുക, സോപ്പ് ഉപയോഗിച്ച് കൈ വൃത്തിയാക്കുക തുടങ്ങിയ ശീലങ്ങൾ പാലിക്കുന്നതിനുള്ള ബോധവത്ക്കരണം വിവിധ മാധ്യമങ്ങളിലൂടെ നൽകി വരുന്നു. Mumps രോഗലക്ഷണങ്ങൾ ഉള്ളവരുമായും രോഗം സ്ഥിരീകരിച്ചവരുമായും സമ്പർക്കം ഒഴിവാക്കുന്നതിലൂടെ രോഗം പടരുന്നത് തടയാൻ കഴിയും. ആയതിനാൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും |

| | | | | |
|---|---|---|---|---|
| | | | | മറ്റ് സ്ഥാപനങ്ങളിലും രോഗവ്യാപനമുണ്ടായാൽ (Mumps out break) ജില്ലാ<br><br>സർവെയിലൻസ് ഓഫീസർമാരുടെ നേതൃത്വത്തിൽ പ്രതിരോധ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. Mumps വാക്സിൻ ദേശീയ പ്രതിരോധ കുത്തിവെയ്പ് (Universal Immunisation Programme) പദ്ധതിയുടെ ഭാഗമല്ലാത്ത സാഹചര്യത്തിൽ MMR Vaccine കേരളത്തിൽ ഉൾപ്പെടുത്തുന്നതിനെപ്പറ്റിയുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ State Technical Advisory Committee on Immunisation (STAGI) യോട് നിർദ്ദേശിച്ചിട്ടുണ്ട്. MMR Vaccine പ്രതിരോധ കുത്തിവെയ്പ്പ് പദ്ധതിയുടെ ഭാഗമാക്കുന്നതിനുള്ള Cost - Benefit Analysis അവലോകനം നടത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ